15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1142 — 30-06-2022 - ൽ മറുപടിയ്ക്ക്

## ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും അതിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ജസ്റ്റിസ് ഹേമ സമിതി 31.12.2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൻമേൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് പരിശോധിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർ നടപടികൾ ആലോചിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/07/2021ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതു പ്രകാരം സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ കർമ്മപരിപാടികൾ ആലോചിച്ചുവരുകയാണ്. കൂടാതെ ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകൾ ചർച്ച ചെയ്യുന്നതിനായി സിനിമാ മേഖലയിലെ വിവിധ സംഘടനകളുമായി സാംസ്കാരിക വകുപ്പ് മന്ത്രി, നിയമവകുപ്പ് സെക്രട്ടറി വനിതാ കമ്മീഷൻ അദ്ധ്യക്ഷ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 04.05.2022 തീയതിയിൽ യോഗം ചേർന്ന് ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തി തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോയെന്ന് അറിയിക്കുമോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | റിപ്പോർട്ട് രഹസ്യമായി സൂക്ഷിക്കണമെന്ന് ഹേമകമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതു കൂടാതെ ടി റിപ്പോർട്ട് പൊതുരേഖയായി പ്രസിദ്ധീകരിക്കേണ്ടതില്ല എന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് റിപ്പോർട്ട് പുറത്തുവിടാതിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൻമേൽ സിനിമാ മേഖലയിലെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. കരട് തയ്യാറാക്കിയിട്ടുണ്ട്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ കൂടുതൽ കർമ്മപരിപാടികൾ ആലോചിച്ചു വരുകയാണ്. |
| (ഡി) | സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ സംബന്ധിച്ച് കൂടുതൽ സംഭവങ്ങൾ പുറത്തു വരുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൻമേൽ സിനിമാ മേഖലയിലെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. കരട് തയ്യാറാക്കിയിട്ടുണ്ട്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ കൂടുതൽ കർമ്മപരിപാടികൾ ആലോചിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ